

FRIDAY 18-11-2022 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/11/2022.

1. കൃഷി വകുപ്പ് മന്ത്രി നയിക്കുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം 'കൃഷി ദർശൻ 'പരിപാടി ഈ മാസം 22ന് തലശ്ശേരി ബ്ലോക്ക് പിണറായി കൺവെൻഷൻ സെന്ററിൽ വച്ച് നടക്കും. കൃഷി ദർശനോട് അനുബന്ധിച്ച് നടത്തുന്ന കാർഷിക പ്രദർശനം നവംബർ 22-ന് സ്പീക്കർ എ എൻ ഷംസീർ ഉദ്ഘാടനം ചെയ്യുന്നതോടെ കൃഷിദർശന് തുടക്കം കുറിക്കും. അഞ്ചു ദിവസങ്ങളിലായി നീണ്ടുനിൽക്കുന്ന പരിപാടിയിൽ കാർഷിക പ്രദർശനത്തോടൊപ്പം തന്നെ കാർഷിക അദാലത്ത് കൃഷിയിട സന്ദർശനം, കൃഷിക്കൂട്ട സംഗമം, കാർഷിക സെമിനാർ എന്നിവ ഉണ്ടായിരിക്കും. മന്ത്രിമാർ, എംഎൽഎമാർ, എംപിമാർ, മറ്റു ജനപ്രതിനിധികൾ, കർഷകർ, സാമൂഹിക പ്രവർത്തകർ എന്നിവർ പങ്കെടുക്കും 26-ന് സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

2. റബ്ബർതോട്ടങ്ങളിൽ വേനൽകാലത്ത് നടപ്പാക്കേണ്ട സംരക്ഷണ നടപടികളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (നവംബർ 18) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ **0481 2576622**.

3. തിരുവനന്തപുരം ജില്ലയിൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയപ്പ് ഡിസംബർ 09 വരെ നടത്തുന്നു. കർഷകർ ഈ അവസരം പ്രയോജനപ്പെടുത്തി നാല് മാസത്തിനു മേൽ പ്രായമുള്ള കന്നുകാലികളേയും എരുമകളേയും പ്രതിരോധ കുത്തിവെയ്പ്പിനു വിധേയമാക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. കുത്തിവെയ്പ്പിനായി കർഷകരുടെ വീട്ടുപടിക്കൽ മൃഗസംരക്ഷണ വകുപ്പിലെ അംഗീകൃത വാക്സിനേറ്റർമാർ എത്തുന്നതാണ്. പ്രതിരോധ കുത്തിവയ്പ് സൗജന്യമായിരിക്കുമെന്നും വകുപ്പ് അറിയിച്ചു.

4. കേരള കാർഷിക സർവകലാശാല 2022 – 23 അദ്ധ്യായന വർഷത്തേക്ക് ബിഎസ്സി (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് ഒരു സീറ്റിലേക്ക് കാർഷിക മേഖലയിൽ പ്രാഗൽഭ്യം തെളിയിച്ച് സംസ്ഥാനതലത്തിൽ അവാർഡ് കരസ്ഥമാക്കിയ കർഷക പ്രതിഭയായ വിദ്യാർഥികളിൽ നിന്നും അപേക്ഷ

ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്കും അപേക്ഷ ഫോമിനും കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 28.11.2012.

5. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ സെൻട്രൽ യു.പി.എസ് പ്രവർത്തനക്ഷമമാക്കുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 21 (നവംബർ 21) പകൽ 11 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് **0471 2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. വെള്ളായണി കാർഷികകോളേജ് ട്രെയിനിംഗ് സർവ്വീസ്സ്കീം നവംബർ 24, 25, **26 മട്ടുപ്പാവ്കൃഷി, വീട്ടുമുറ്റത്തെകൃഷി, ജൈവകീടനാശിനികൾ, കൃഷിയിടപരിശീലനം, വിവിധതരം കംപോസ്റ്റുകൾ, വിളകളുടെ കീടരോഗനിയന്ത്രണം"** എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലനത്തിലും, കൃഷിയിട സന്ദർശനത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ത്രിദിന പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 1000 രൂപ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേറ്റ് നൽകുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ പേരും ഫോൺ നമ്പരും **9539115117** എന്ന നമ്പറിലേക്ക് വാട്ട്സാപ്പ് സന്ദേശമായോ tssvellayani@kau.in എന്ന ഇമെയിലിലേക്ക് അയക്കുകയോ, നേരിട്ട് കാർഷികകോളേജ് വെള്ളായണിയിലെ സോഷ്യൽസയൻസ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന ട്രെയിനിങ് സർവ്വീസ് സ്കീമിന്റെ ഓഫീസിലെത്തി ഈ മാസം 23-ന് (23/11/2022ന് ) 3 മണിക്ക് മുമ്പ് പേര് രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽവിവരങ്ങൾക്ക് **9539115117** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് നവംബർ 22 മുതൽ ഡിസംബർ 02 വരെയുള്ള 10 പ്രവർത്തി ദിവസങ്ങളിലായി ക്ഷീരോത്പന്ന നിർമ്മാണത്തിൽ ക്ലാസ്സ് റൂം പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ

ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. താൽപര്യമുള്ള പരിശീലനാർത്ഥികൾ നവംബർ 20 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

8. പട്ടം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **21 മുതൽ 26 വരെയുള്ള** (നവംബർ 21 മുതൽ 26 വരെ) ആറ് പ്രവൃത്തി ദിവസങ്ങളിൽ **ശാസ്ത്രീയമായ പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ നാളെ **(നവംബർ 19) 5 മണിക്കു മുമ്പായി** പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 125 രൂപ ദിനബത്തയും, ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471-2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

9. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രവും താലൂക്ക് ദുരന്ത നിവാരണ സേനയും സംയുക്തമായി കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 26 ശനിയാഴ്ച കോട്ടക്കൽ മുനിസിപ്പൽ ഹാളിൽ വെച്ച് നായപിടുത്ത പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9847140677** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

10. വാഴയിൽ **ഇലതീനി പുഴു**ക്കളുടെ ആക്രമണം കണ്ടുവരുന്നുണ്ട്. ആക്രമണം തടയുന്നതിനായി ബാസില്ലസ് തുറിഞ്ചിയൻസിസിന്റെ അനുയോജ്യമായ ഫോർമുലേഷനുകൾ തെളിഞ്ഞ കാലാവസ്ഥയിൽ തളിച്ചു കൊടുക്കുക. കീടാക്രമണം കൂടുതലുള്ള ഇലകൾ പുഴുക്കളോടൊപ്പം നശിപ്പിച്ചു കളയുക.